# മലയാളിയുടെ *ആർത്തിയ്ക്ക്* ഒരു കുറവുമില്ലേ?

**സഖറിയാ ജേക്കബ്**

**ക**ഴിഞ്ഞദിവസം എറണാകുളത്തെ ഒരു സുപ്രസിദ്ധവും പ്രമുഖവുമായ ഷോപ്പിംഗ് മാൾ സന്ദർശിക്കുകയുണ്ടായി. അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്ന ഒരു അനുഭവം ആയിരുന്നു അത്. കേരളം മുഴുവൻ വണ്ടിപിടിച്ച് അന്നവിടെ ഉണ്ടായിരുന്നോ എന്നതിശയിച്ചുപോയി. കേരളത്തിലെ പച്ചമലയാളിയുടെ ഷോപ്പിംഗ്പരത വർദ്ധിച്ചു എന്നത് ഒരു സത്യമാണെങ്കിലും ഇത്രയധികം ഭയാനകവും ഭീഷണി ഉയർത്തതക്കവിധത്തിൽ അധഃപതിച്ചു എന്ന നഗ്നസത്യം അവിടെ കാണുവാൻ ഇടയായി. ഭയാനകവും ഭീഷണിയും എന്ന് പറഞ്ഞത് മറ്റൊരർത്ഥത്തിലല്ല മറിച്ച് കഴിഞ്ഞ വർഷം ഏതാണ്ട് ഈ സമയത്ത് പ്രളയം വന്നപ്പോഴാണ് ഇത്തരത്തിൽ കമ്പോളസ്ഥാപനങ്ങളിൽ ഇടിച്ചുകയറ്റം ഉണ്ടായത്. നാളെ ഒന്നും കിട്ടിയില്ലെങ്കിലോ എന്നോർത്ത് നൂറ് മുതൽ അഞ്ഞൂറ് കിലോ വരെ അരി വാങ്ങിക്കൂട്ടിയവരെ എനിക്കറിയാം, നമ്മളിൽ പലരും അത് കണ്ടതുമാണ് അതിലുൾപ്പെടുന്നവരുമാണല്ലോ! ലാഭം എന്ന് കേൾക്കുമ്പോൾ മൂക്കും കുത്തി വീഴുന്ന തനി മലയാളി സ്വഭാവത്തിന് ഇത്രയും അക്ഷരാഭ്യാസമുണ്ടായിട്ടും യാതൊരു തരത്തിലും കുറവില്ല എന്നത് വളരെയധികം നൊമ്പരപ്പെടുത്തുന്നു. കച്ചവടമോ ഷോപ്പിംഗോ തെറ്റാണന്നോ പാടില്ലാ എന്നോ അല്ല പ്രസ്താപിക്കുന്നത് മറിച്ച് അതിന്റെ അമിതാവേശത്തെ ഒന്നോർമ്മപ്പെടുത്തുവാൻ ശ്രമിക്കുകയാണ്.

മാധ്യമങ്ങളിൽ വന്ന ലാഭ വിലക്കുറവ് പരസ്യം കണ്ട് ആകൃഷ്ടരായി ചെന്നവരാണ് ഭൂരിഭാഗം ജനങ്ങളും. ഉത്സവപറമ്പിന് തുല്യമോ അതോ അതിലുപരിയോ അയിരുന്നു അവിടെ കണ്ടതിരക്ക്. പണത്തിന്റെ അതിപ്രസരം വ്യക്തമായി അവിടെ കാണാമായിരുന്നു. എല്ലാവരും ആവശ്യത്തിനും അനാവശ്യത്തിനും അയി ഒന്നും രണ്ടും ഉന്തുവണ്ടികളിലായി സാധനസാമഗ്രികൾ കുത്തിനിറച്ച് പോകുന്നു. പലരും എടുത്ത സാധനങ്ങളിൽ പലതും പണമടയ്ക്കുന്ന ഇടത്തിൽ വച്ച് വീണ്ടും തരം തിരിക്കുന്നു. കാഴ്ച്ചയിൽ കണ്ണുമഞ്ഞളിച്ച് എടുത്തതാണ് പിന്നീടാണ് ബോധോദയം, വേണ്ടായിരുന്നു. ആദ്യകാഴ്ച്ചയിലെ ലാഭാർത്തിയിൽ വാരി വണ്ടിയിൽ തള്ളിയതാണ്. രണ്ടു ദിവസം മാത്രം പഴക്കം നിൽക്കുന്ന സാധനങ്ങൾ പോലും വിലക്കുറവുന്റെ പേരിൽ എത്ര ദിവസത്തേക്കാണു കൊണ്ടുപോകുന്നതെന്നു കണ്ടാൽ മനസിലാകും മലയാളിയുടെ ആർത്തിയുടെ വലുപ്പം. വീട്ടിൽ ഒരുനേരത്തെ ഭക്ഷണം ചോദിച്ചാരെങ്കിലും വന്നാൽ ഉള്ളതിൽ മോശവും പഴക്കം ചെന്നതുമായവ നൽകുന്ന മലയാളി ധൂർത്തിനു ചിലവഴിക്കുന്നവയുടെ ഒരംശം മാറ്റിവച്ചാൽ ഒരു പക്ഷേ ധാരാളം ആളുകൾക്ക് ഒരാശ്വാസമാകും അത് എന്നതിൽ ഇരുപക്ഷമുണ്ടാകുമെന്ന് തോന്നുന്നില്ല. ഇവയെല്ലാം സ്വയം തോന്നേണ്ടതാണ് എന്നതും ഒരു വസ്തുതയാണ്. മറ്റൊരു രസകരമായി തേന്നിയ വസ്തുത ദമ്പതികളുടെ സംസാരമാണ് അതിങ്ങനെയാണ് ചേട്ടാ ഈ കപ്പ് ഒരെണ്ണം എടുത്താലോ? വെറും അൻപതുരൂപായെ ഉള്ളൂ യഥാർത്ഥ വില നൂറ്റിപത്താണ് പകുതിയിലധികം വിലക്കുറവ്! എടീ അത്തരം രണ്ടെണ്ണം വീട്ടിലില്ലേ! പിന്നെന്തിനാ? അല്ല ചേട്ടാ നാളെ ഇത്രയും ലാഭത്തിൽ കിട്ടില്ല. എന്നാലും വേണോടീ? ഒരെണ്ണം..... ഹാ.. എന്നാപിന്നെ രണ്ടെണ്ണം എടുത്തോ ഒന്നിന്റെ വിലയല്ലേ ഉള്ളൂ?.... ഇതാണവസ്ഥ. ആവശ്യമുണ്ടായിട്ടല്ല കിട്ടുമ്പോ പരമാവധി വാങ്ങിക്കൂട്ടുക. ഒരുപക്ഷേ സമകാലിക സമൂഹത്തിൽ നേരിടുന്ന ഒരു ഭീഷണിയും ഇതു തന്നെയാണ്. വാങ്ങിക്കൂട്ടി വാങ്ങിക്കൂട്ടി അവയ്ക്കെല്ലാം കാവലിരുന്ന് മനുഷ്യമനസ്സ് നിർജ്ജീവമാകുന്നോ എന്ന് ചിലപ്പോഴൊക്കെ തോന്നിപ്പോകുന്നു. ആരും ആർക്കും ഒന്നും വെറുതെ കൊടുക്കില്ല എന്ന് എന്തേ ആരും ചിന്തിക്കാത്തെ?. അത്തരത്തിൽ അമിത ലാഭത്തിൽ കിട്ടുന്നവയ്ക്ക് എന്തെങ്കിലും കുഴപ്പം ഉണ്ടാകും എന്നത് പകൽ പോലെ വ്യക്തമാണെങ്കിലും ആനയ്ക്ക് പുറകെ വാലെന്നപോലെ ശങ്കരൻ പിന്നേം തെങ്ങിൽ തന്നെ.

നാട്ടിൽ ധാരാളം സാമൂഹ്യക്ഷേമ പദ്ധതികളും പരിപാടികളും കാലാകാലങ്ങളിൽ മാറി വരുന്ന ഭരണകൂടവും വിവിധ മതസംഘടനകളും പ്രസ്ഥാനങ്ങളും നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട് പക്ഷേ അവയിലൊന്നും അൽപമായോ അധികമായോ ഭാഗവാക്കാകുവാൻ ഭൂരിഭാഗം വരുന്ന മലയാളിക്കും മനസ്സില്ല. കഷ്ടപ്പെടുന്നവരെ കാണാൻ നാം കണ്ണാടി വയ്ക്കാറില്ല പക്ഷേ ചൂഴ്ന്നുനോക്കാൻ ലക്ഷങ്ങളുടെ കണ്ണാടി നാം എടുത്തണിയും. വിലയിടും, പരിഹസിക്കും, ഒറ്റപ്പെടുത്തും അങ്ങനെ നമ്മളാൽ എന്തെല്ലാം ആകുമോ അവയെല്ലാം കഴിവിന്റെ അങ്ങേയറ്റം ചയ്യും. സമൂഹത്തോടുള്ള പ്രതിബദ്ധതമറന്നുകൊണ്ടുള്ള ആർഭാടവും അമിതാവേശവും പാതകമാണെന്ന് പല മഹാരഥന്മാരും ആവർത്തിച്ചു പറഞ്ഞിട്ടുമുണ്ട് പ്രവർത്തിച്ചു കാണിച്ചിട്ടുമുണ്ട്. അടുത്തുനിൽപ്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർക്കരൂപനീശ്വരനദൃശ്യനായാൽ അതിലെന്താശ്ചര്യം എന്ന് ഉള്ളൂർ എഴുതിയപോലെ സമൂഹത്തിന്റെ ദുഃഖം മറന്നുള്ള ഈ വാങ്ങിക്കൂട്ടൽ ശരിയാണോ എന്ന് സ്വയം വിലയിരുത്തുക. ശരിയാണ് സുഹൃത്തേ താങ്കളുടെ പണം താങ്കളുടെ സ്വാതന്ത്രം അതിനെ ഹനിക്കുന്നില്ല പക്ഷേ ഒന്നു ചിന്തിക്കുക ഈ ആർത്തി വേണ്ടിയിട്ടോ?...

❑